**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - തഴവ ഗ്രാമപഞ്ചായത്ത് - തഴവ-തൊടിയൂർ വട്ടക്കായലിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നെൽക്കൃഷി - വിത്തിടീൽ മഹോത്സവം, കൊയ്ത്തു മഹോത്സവം - ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ). നം. 1866/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി, 07/07/2018

---

പരാമർശം:- തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13/06/2018 ലെ റ്റി5-1897/17 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തഴവ ഗ്രാമ പഞ്ചായത്തിലെ പാവുമ്പ പ്രദേശത്ത് വർഷങ്ങളായി തരിശായി കിടക്കുന്ന തഴവ-തൊടിയൂർ വട്ടക്കായലിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി തഴവ ഗ്രാമ പഞ്ചായത്ത് ഏജൻസിയും കൃഷി വകുപ്പും സംയുക്തമായി കൃഷി ഇറക്കുകയും ആയതിന്റെ വിത്തീടിൽ മഹോൽസവത്തിന് ബഹു.കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യാൻ തീരുമാനിച്ച് എല്ലാ സജ്ജീകരണങ്ങൾ ഒരുക്കിയിരുന്നുവെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ ബഹു.മുഖ്യമന്ത്രിക്ക് എത്തിച്ചേരാൻ സാധിച്ചിരുന്നില്ലെന്നും, ഏതാനും ദിവസങ്ങൾക്ക് ശേഷം ബഹു.കൃഷി വകുപ്പ് മന്ത്രി വിത്തീടിൽ മഹോൽസവം നിർവ്വഹിച്ചുവെന്നും, 08/05/2018 ൽ നിയമസഭ സ്പീക്കർ ശ്രീ.പി.രാമകൃഷ്ണൻ കൊയ്ത്ത് മഹോത്സവ പരിപാടി ഉദ്ഘാടനം ചെയ്തുവെന്നും, ടി മൂന്ന് പരിപാടികൾക്കുമായി 1,25,000/- രൂപ ചിലവായിട്ടുണ്ടെന്നും, ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തഴവ-തൊടിയൂർ വട്ടക്കായൽ വിത്തു വിതക്കൽ ചടങ്ങിൽ ബഹു.മുഖ്യമന്ത്രിയുടെ സന്ദർശനം, ഞാറ് നടീൽ മഹോൽസവത്തോടനുബന്ധിച്ചിട്ടുള്ള ഉദ്ഘാടനത്തിനായി ബഹു.കൃഷിമന്ത്രിയുടെ സന്ദർശനം, വട്ടകായൽ കൊയ്ത്തുൽസവ പരിപാടി ഉദ്ഘാടനത്തിനായി ബഹു.നിയമസഭ സ്പീക്കറുടെ സന്ദർശനം എന്നീ മൂന്ന് പരിപാടികൾക്ക് ചെലവായ 1,25,000/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ) തഴവ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

പ്രസിഡന്റ് / സെക്രട്ടറി, തഴവ ഗ്രാമപഞ്ചായത്ത്, എസ്.ആർ.പി. മാർക്കറ്റ് പി.ഒ, തഴവ, കൊല്ലം - 690539

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ